## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 1562 | 22.03.2013-ൽ മറുപടിയ്ക്ക് |
|---|---|

**ഗ്രാമപഞ്ചായത്തുകളുടെ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ഡോ. എം. കെ. മുനീർ<br>(ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ളതും, വിസ്തൃതി ഏറിയതുമായ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഇല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4 (2) (എ), (ബി) ഖണ്ഡങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിലേയ്ക്കായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | നിലവിൽ 50,000 ൽ അധികം ജനസംഖ്യയുള്ളതും 30 ചതുരശ്ര കിലോമീറ്ററിലധികം വിസ്തൃതിയുള്ളതുമായ ഗ്രാമപഞ്ചായത്തുകളെയാണ് വിഭജിച്ച് പുതിയവ രൂപീകരിക്കുന്നത്. |
| (സി) | കൊല്ലം ജില്ലയിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ